പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6222 2.4.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം കോഴ്സുകൾ

| | | | |
|---|---|---|---|
| ചോദ്യം<br>ശ്രീ.ആർ. രാജേഷ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ളതും സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ നടത്തുന്നതുമായ ടൂറിസം കോഴ്സുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (FCI), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കോഴിക്കോട് എന്നീ മൂന്ന് സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിലെ ഹോട്ടൽ വ്യവസായവുമായി ബന്ധപ്പെട്ട് കോഴ്സുകൾ നടത്തുന്നത്. കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (IHMCT) എന്ന സ്ഥാപനം കേന്ദ്ര സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്നു.<br>കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള കോഴ്സുകൾ ഒന്നും തന്നെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) -ലും , ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലും (FCI) നടത്തി വരുന്നില്ല.<br>കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കോവളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (IHMCT) എന്നിവ കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടേയും (NCHMCT) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടേയും (IGNOU) അംഗീകാരത്തോടെ മൂന്ന് വർഷത്തെ ബി.എസ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ, കാറ്ററിംഗ് ഡിപ്ലോമ എന്നീ കോഴ്സുകൾ നടത്തി വരുന്നു. |
| ബി) | പ്രസ്തുത കോഴ്സുകൾ ഏറ്റെടുത്ത് നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ ബാധകമാണെന്ന് അറിയിക്കാമോ; | ബി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (NCHMCT) യുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് കോഴ്സുകൾ നടത്തുന്നത്. |

| | | | |
|---|---|---|---|
| സി) | ഇത്തരം കോഴ്സുകൾ നടത്തുന്ന സ്വകാര്യ സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ എന്തെല്ലാം സഹായമാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) | ടൂറിസം വകുപ്പിൽ പ്രത്യേക പദ്ധതികൾ നിലവിലില്ല. കോഴ്സുകളുടെ സിലബസ്, പരീക്ഷ എന്നിവ തീരുമാനിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പായതിനാൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് ലഭിക്കുന്ന നിവേദനങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**